**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2965** **20.12.2012-ലെ മറുപടിക്ക്**

**മിച്ചഭൂമി**

| **ചോദ്യം**<br>**ശ്രീ.പി.ശ്രീരാമകൃഷ്ണൻ** | | **മറുപടി**<br>**ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | കാർഷികബന്ധ ബിൽ നിയമസഭയിൽ അവതരിപ്പിച്ച സമയത്ത് സംസ്ഥാനത്ത് എത്ര ഏക്കർ മിച്ചഭൂമി ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ; | (എ) | കാർഷിക ബന്ധ ബിൽ നിയമസഭയിൽ അവതരിപ്പിച്ച സമയത്ത് സംസ്ഥാനത്ത് എത്ര ഏക്കർ മിച്ചഭൂമി ഉണ്ടായിരുന്നു വെന്നത് സംബന്ധിച്ച് വിവരം ലഭ്യമല്ല. |
| (ബി) | നാളിതുവരെ അതിൽ എത്രഭൂമി ഏറ്റെടുത്തു എന്ന് വിശദമാക്കാമോ; | (ബി) | |
| (സി) | നിലവിൽ ഒരു കുടുംബത്തിന് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | നിലവിലെ കേരള ഭൂപരിഷ്കരണ നിയമം (1963) സെക്ഷൻ 82 പ്രകാരം നിശ്ചയിച്ചിട്ടുള്ള ഭൂപരിധി ചുവടെ ചേർക്കുന്നു.<br>1) ടി നിയമത്തിലെ സെക്ഷൻ 82(1) (എ) പ്രകാരം, പ്രായപൂർത്തി ആയതും അവിവാഹിതനുമായ ഒരു വ്യക്തിയുടേയോ അഥവാ അംഗമായ ഒരാൾമാത്രം അവശേഷിക്കുന്ന ഒരു കുടുംബത്തിന്റേയോ സംഗതിയിൽ, അഞ്ച് സ്റ്റാൻഡേർഡ് ഏക്കർ; എന്നാൽ പരമാവധി വിസ്തീർണ്ണം ആറേക്കറിൽ കുറയാനോ ഏഴര ഏക്കറിൽ കൂടുവാനോ പാടില്ല.<br>2) ടി നിയമത്തിലെ സെക്ഷൻ 82(1) (ബി) പ്രകാരം രണ്ടോ അതിൽ കൂടുതലോ എന്നാൽ അഞ്ചിൽ കൂടാതെയും അംഗങ്ങളുള്ള ഒരു കുടുംബത്തിന്റെ കാര്യത്തിൽ, പത്ത് സ്റ്റാൻഡേർഡ് ഏക്കർ; എന്നാൽ ഏതുവിധത്തിലായാലും പരാമാവധി വിസ്തീർണ്ണം പന്ത്രണ്ടേക്കറിൽ കുറയാനോ പതിനഞ്ചേക്കറിൽ കൂടാനോ പാടില്ല. |

| | | | |
|---|---|---|---|
| | | | 3) ടി നിയമത്തിലെ സെക്ഷൻ 82(1)(സി) പ്രകാരം അഞ്ച് അംഗങ്ങളിൽ കൂടുതലുള്ള ഒരു കുടുംബത്തിന്റെ കാര്യത്തിൽ, പത്തു സ്റ്റാൻഡേർഡ് ഏക്കർ; അഞ്ചിലധികമുള്ള ഓരോ അംഗത്തിനും ഒരു സ്റ്റാൻഡേർഡ് ഏക്കർ കൂടി നൽകണം; എന്നാൽ ഏതു വിധത്തിലായാലും പരമാവധി വിസ്തീർണ്ണം പന്ത്രണ്ടേക്കറിൽ കുറയാനോ ഇരുപതേക്കറിൽ കൂടാനോ പാടില്ലാത്തതാണ്.<br>4) ടി നിയമത്തിലെ തന്നെ സെക്ഷൻ 82(1)(ഡി) പ്രകാരം കുടുംബം അല്ലാതെയുള്ള മറ്റേതെങ്കിലും വ്യക്തിയുടെ കാര്യത്തിൽ, പത്ത് സ്റ്റാൻഡേർഡ് ഏക്കർ, എന്നാൽ ഏതുവിധത്തിലായാലും പരമാവധി വിസ്തീർണ്ണം പന്ത്രണ്ടേക്കറിൽ കുറയാനോ പതിനഞ്ചേക്കറിൽ കൂടാനോ പാടില്ലാത്തതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. |
| (ഡി) | പരിധിയിൽ കൂടുതൽ ഭൂമി കൈവശമുള്ളവരുടെ കണക്ക് ലഭ്യമാണോ; എങ്കിൽ കണക്ക് നൽകുമോ; | (ഡി) | പരിധിയിൽ കൂടുതൽ ഭൂമി കൈവശമുള്ളവരുടെ കണക്ക് ലഭ്യമല്ല; |
| (ഇ) | പ്രസ്തുത ഭൂമി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | 1963 ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 85(എ), 85(3 എ), 87(1 എ) എന്നിവ പ്രകാരം; ഒരു വ്യക്തിയോ, കുടുംബമോ, സ്ഥാപനമോ സീലിംഗ് പരിധിക്ക് പുറത്ത് ഭൂമി സമ്പാദിച്ചാൽ ബന്ധപ്പെട്ട താലൂക്ക് ലാൻഡ് ബോർഡ് മുമ്പാകെ ടിയാളുകളുടെ/സ്ഥാപനത്തിന്റെ ഭൂമി സംബന്ധിച്ച് '3' മാസത്തിനുള്ളിൽ സീലിംഗ് റിട്ടേൺ ഫയൽ ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.<br>അപ്രകാരം നടപടി സ്വീകരിക്കാത്ത കേസ്സുകളിൽ ബന്ധപ്പെട്ട താലൂക്ക് ലാൻഡ് ബോർഡുകൾ, ബന്ധപ്പെട്ടവരുടെ റവന്യൂ രേഖകൾ പരിശോധിച്ചുകൊണ്ട് പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചതായി കണ്ടെത്തുന്നവർക്കെതിരെ ടി |

| | | | |
|---|---|---|---|
| | | | നിയമത്തിലെ സെക്ഷൻ 85(7), 87 എന്നിവ പ്രകാരം സ്വമേധയാ സീലിംഗ് കേസ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>30.09.2012 വരെ കാലയളവിൽ, വിവിധ ജില്ലകളിലായി സംസ്ഥാനത്തൊട്ടാകെ ഇങ്ങനെ പരിധിയിൽ കൂടുതൽ ഭൂമിയുള്ളവരിൽ നിന്നായി 41867.77 ഹെക്ടർ മിച്ചഭൂമി സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**